റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## ദർഘാസ് പരസ്യം

Quotation No. RBDCK/T 106/Vol III/105/2026

തിരുവനന്തപുരം ജില്ലയിൽ നിർദ്ദിഷ്ട ഇടവ ആർ.ഒ.ബിയുടെ അലൈൻമെന്റിലുള്ള എല്ലാ മരങ്ങളും അതിന്റെ ശിഖരങ്ങളും ഉൾപ്പെടെ മുറിച്ചു കൊണ്ടുപോകുന്നതിന് കൂടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| 1. | മരത്തിന്റെ ഉദ്ദേശ വില (GST & FDT ഒഴികെ) | : | 2,62,914/– രൂപ |
| 2. | നീക്കം ചെയ്യുന്നതിനുള്ള സമയപരിധി | : | 14 ദിവസം |
| 3. | നിരതദ്രവ്യം | : | 7,000/- |
| 4. | ക്വട്ടേഷൻ ഫോറത്തിൻെറ വിൽപ്പന | : | 22.07.2026 11:00 AM to 31.07.2026 12.30 P.M |
| 5. | ക്വട്ടേഷൻ ഫോറം സമർപ്പിക്കേണ്ട അവസാന തീയ്യതിയും സമയവും | : | 31.07.2026 (സമയം 3.00 PM മണി വരെ) |
| 6. | ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | : | ആർ.ബി.ഡി.സി.കെ ആഫീസ് |
| 7. | ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | : | 01.08.2026 (സമയം 11.00 AM) |

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 7034077018, 0484 2338205

sd/-
**ജനറൽ മാനേജർ**
**ആർ.ബി.ഡി.സി.കെ.**

തീയ്യതി: 22.07.2026

**റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

(ഒരു കേരള സർക്കാർ സംരംഭം)

രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025

ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com

E-mail:- rbdckltd@gmail.com

## ക്വട്ടേഷൻ സമർപ്പിക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ

1. ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ വെബ്സൈറ്റിൽ (www.rbdck.com) നിന്നും ക്വട്ടേഷൻ ഫോം ലഭിക്കുന്നതാണ്.

2. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 5.00 മണി വരെ ആർ.ബി.ഡി.സി.കെ ഓഫീസിൽ (484)2338205, 2338206 ബന്ധപ്പെടാവുന്നതാണ്.

3. ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രൈസ് ബിഡ് പൂരിപ്പിച്ച് ഒപ്പിട്ട് ഫോട്ടോ തിരിച്ചറിയൽ കാർഡിൻെറ കോപ്പിയും, ഡിമാൻഡ് ഡ്രാഫ്റ്റ് ഒറിജിനലും ചേർത്ത് മുദ്രവെച്ച കവറിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന സമയത്തിന് മുമ്പായി ആർ.ബി.ഡി.സി.കെ. പാലാരിവട്ടം ഓഫീസിൽ സമർപ്പിക്കേതാണ്. കവറിന് പുറത്ത് "Quotation for tree cutting at Edava ROB site" and do not open before 01.08.2026 at 11:00 AM" എന്നെഴുതേണ്ടതാണ്.

4. ക്വട്ടേഷൻ സമർപ്പിക്കുന്നവർ 7,000/– രൂപയുടെ നിരതദ്രവ്യം ആർ.ബി.ഡി.സി.കെ ജനറൽ മാനേജരുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കി, രസീത് ക്വട്ടേഷൻ ഫോമിനൊപ്പം സമർപ്പിക്കേണ്ടതാണ്.

5. മുദ്രവച്ച ക്വട്ടേഷനുകൾ 31.07.2026, 3:00 PM വരെ ആർ.ബി.ഡി.സി.കെ.–യുടെ ആഫീസിൽ സ്വീകരിക്കുന്നതാണ്.

6. നിബന്ധനകൾ പാലിക്കാത്തതും നിർദ്ദിഷ്ട ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്നതും ബിഡ്ഡേർസ് ഒപ്പിടാത്തതും ഏതെങ്കിലും രീതിയിൽ പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ യാതൊരു കാരണവും പറയാതെ തള്ളിക്കളയുന്നതാണ്.

7. <u>നടപടി ക്രമം</u>

   ആർ.ബി.ഡി.സി.കെ. ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വച്ച കവറിലുള്ള പൂരിപ്പിച്ച ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടെടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

8. വിജയിക്കുന്നയാൾ ടെണ്ടർ തുകയും മേൽത്തുകയുടെ 10% അധിക തുകയും മേൽ നടപടികൾ പൂർത്തീകരിച്ച് നിർദ്ദേശിക്കുന്നതനുസരിച്ച് അടക്കേണ്ടതാണ്. 10% അധികത്തുക പദ്ധതി സ്ഥലത്തു നിന്നും സമയപരിധിക്കുള്ളിൽ മരങ്ങൾ മുറിച്ചു നീക്കിയതിന് ശേഷം തിരികെ നൽകുന്നതാണ്. മരങ്ങൾ സമയപരിധിക്കുള്ളിൽ മുറിച്ചു നീക്കം ചെയ്തില്ലെങ്കിൽ അതിനുശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 10% വച്ച് കുറവ് ചെയ്യുന്നതും അത് പരമാവധി 2 ദിവസം മാത്രമായിരിക്കുകയും ചെയ്യും. മേൽ പറഞ്ഞ പരമാവധി ദിവസം ആകുമ്പോൾ ബാക്കി തുക കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി വേറൊരു ഏജൻസിയെക്കൊണ്ട് നടപ്പാക്കുന്നതാണ്.

9. പൂർണ്ണമായ അടങ്കൽ തുകയും 10% അധികത്തുകയും അടക്കുന്നതോടെ മേൽ മരങ്ങളുടെ ഉടമസ്ഥാവകാശവും സംരക്ഷണ ചുമതലയും കരാറുകാരനിൽ നിക്ഷിപ്തമാകുന്നതാണ്. അഗ്നിബാധ, കാറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുരന്തങ്ങൾ ഉണ്ടായാലും അതിൻമേൽ യാതൊരുവിധ ഉത്തരവാദിത്ത്വങ്ങളും ആർ.ബി.ഡി.സി.കെ. ഏറ്റെടുക്കുന്നതല്ല. കരാറുകാരൻ മേൽത്തുകയിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

10. ടെണ്ടർ തുകയ്ക്ക് പുറമെ, 10% അധിക തുകയും, 5% വനവികസന നികുതിയും (FDT), GST ബാധകമായവയ്ക്ക് (വിൽപ്പന വിലയുടെയും, വനം വികസന നികുതിയുടെയും) 18% GST യും ക്വട്ടേഷൻ പിടിച്ച വ്യക്തി ടെണ്ടർ നപടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഈ ഓഫീസിൽ അടക്കേണ്ടതാണ്.

11. മരം മുറിക്കുന്ന സന്ദർഭത്തിൽ, റോഡ് യാത്രക്കാരുടെയും വാഹനങ്ങളുടെയും സുരക്ഷയ്ക്ക് വേണ്ടിയുള്ള എല്ലാ മുൻകരുതൽ നടപടികളും ലേലം കൈക്കൊള്ളുന്നയാൾ സ്വന്തം ചിലവിൽ നിർവ്വഹിക്കേണ്ടതാണ്.

12. കരാർ ഉറപ്പിച്ച് 14 ദിവസത്തിനകം പ്രവൃത്തി ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനോ പരിസരവാസികളുടെ വസ്തുവകകൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാക്കാതെ പൂർത്തീകരിക്കേണ്ടതാണ്.

13. പ്രവർത്തിക്കായി നിയോഗിക്കുന്ന തൊഴിലാളികളുടെ സുരക്ഷയുടെ പൂർണ്ണ ഉത്തരവാദിത്വം ലേലം കൈകൊള്ളുന്നയാൾക്കായിരിക്കും. അവർക്കാവശ്യമുള്ള ഇൻഷുറൻസ് പരിരക്ഷ നിർബന്ധമായും എടുക്കേണ്ടതാണ്.

14. പ്രവൃത്തി ചെയ്യുന്നതിനായി വൈദ്യുതി ലൈൻ അല്ലെങ്കിൽ മറ്റെതെങ്കിലും സർവീസ് ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ നീക്കം ചെയ്യുകയോ വേണ്ടിവന്നാൽ അത് കരാറുകാരന്റെ ചെലവിലും ഉത്തരവാദിത്ത്വത്തിലും ചെയ്യേതാണ്. ഏതെങ്കിലും നാശനഷ്ടങ്ങളോ കേടുപാട് തീർക്കലോ മേൽപ്രവൃത്തിമൂലം ആവശ്യമായി വന്നാൽ അതിനുള്ള ചെലവ് കരാറുകാരൻ വഹിക്കേതായിരിക്കും.

15. ഏറ്റവും കൂടിയ തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചയാൾ മുഴുവൻ തുകയും അടച്ചതിനുശേഷം മാത്രമേ രണ്ടും മൂന്നും ആളുകളുടെ E.M.D തിരികെ നൽകുകയുള്ളൂ. ആദ്യത്തെ മൂന്ന് പേരുടെ ഒഴികെ ബാക്കി ഉള്ളവരുടെ E.M.D തുക തിരികെ നൽകുന്നതിന് ക്വട്ടേഷൻ തുറക്കുന്ന നടപടിക്രമം പൂർത്തിയായതിന് ശേഷം രസീതിനോടൊപ്പം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

16. കാരണമൊന്നും കാണിയ്ക്കാതെ ക്വട്ടേഷനുകൾ ഏതെങ്കിലുമോ എല്ലാം തന്നെയോ തള്ളിക്കളയുന്നതിന് ആർ.ബി.ഡി.സി.കെ. ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടെ (ആർ.ബി.ഡി.സി.കെ. യിലെ ഉദ്യോഗസ്ഥർ) തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

18. മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് ബിഡ്ഡർക്ക് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ ബിഡ്ഡർ ഈ ക്വട്ടേഷൻ ഫോമിൻെറ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.

NB: താൽപര്യമുള്ള കരാറുകാർ 27.07.2026 – ന് രാവിലെ 11.15 മണിക്ക് ഇടവ റെയിൽവേ ഗേറ്റിന് സമീപം എത്തി മുറിച്ചു മാറ്റേണ്ട മരങ്ങൾ ആർ.ബി.ഡി.സി.കെ യുടെ പ്രതിനിധിയുടെ സാന്നിധ്യത്തിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്.

(ഒപ്പ്)

(പേര്, മേൽ വിലാസം, ടെലഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം :

തീയതി :

**റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

**പ്രൈസ് ബിഡ്**

| ക്രമ നം. | വിവരണം | ആകെ തുക (in Rs) (GST & FDT ഒഴികെ) |
|---|---|---|
| 1 | ഇടവ ആർ.ഒ.ബിയുടെ അലൈൻമെന്റിൽ ഉൾപ്പെടുന്ന എല്ലാ മരങ്ങളും അതിന്റെ ശിഖരങ്ങളും ഉൾപ്പെടെ മുറിച്ച് കൊണ്ട് പോകുന്നതിന് ആർ.ബി.ഡി.സി.കെ യിൽ നൽകേണ്ട ആകെ തുക | |

(കരാറുകാരൻെറ ഒപ്പ്)
(പൂർണ്ണപേരും വിലാസവും ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയ്യതി: